വരെ പ്രോൽസാഹന അലവൻസ് നൽകുന്നുണ്ട്. ഇതിനുപുറമെ 1.25 ശതമാനം വാർഷിക ബോണസ് നൽകുന്നുണ്ട്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇത്രയും ആനുകൂല്യങ്ങൾ നൽകുന്നില്ല. 2000-2001-ലെ ബഡ്ജറ്റിൽ ഏജന്റുമാരുടെ ആനുകൂല്യങ്ങൾക്കായി 28.75 കോടി രൂപ വകകൊള്ളിച്ചിരുന്നു. നിക്ഷേപങ്ങളിലുണ്ടായ വർദ്ധനവനുസരിച്ച് ഈ തുക 2000 സെപ്റ്റംബർ മാസത്തിൽ ചെലവായി. ഏജന്റുമാർക്ക് നൽകാനുള്ള പ്രോൽസാഹന അലവൻസ് ഇപ്പോൾ കുടിശ്ശികയുണ്ട്. ഇന്ദിരാ വികാസ് പത്ര കേന്ദ്ര സർക്കാർ നിർത്തലാക്കുകയും സ്ഥാപനങ്ങൾ വഴിയുള്ള നിക്ഷേപങ്ങളിൽ മാറ്റം വരുത്തുകയും ചെയ്ത സാഹചര്യത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ വഴി സമാഹരിക്കുന്ന റെക്കറിംഗ് ഡെപ്പോസിറ്റിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മഹിളാ പ്രധാൻ ഏജന്റുമാർ ചെയ്ത സേവനത്തിന് അവർക്ക് ആ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുവേണ്ടി അധികമായി വേണ്ടി വരുന്ന തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ എടുത്ത് കഴിഞ്ഞു, അവർക്ക് അത് ലഭ്യമാക്കുകയും ചെയ്യും.

മി. സ്പീക്കർ : ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിക്കാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും നോട്ടീസ് തന്നിട്ടുണ്ട്.

(6) ചെറുകിട കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ചെറുകിട കരാറുകാരായിട്ടുള്ള ആളുകൾ കെ.ജി.സി.എഫ്. എന്ന സംഘടനയുടെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. കരാറുകാരെ സംബന്ധിച്ച് പ്രത്യേകിച്ച് ചെറുകിട കരാറുകാരെ സംബന്ധിച്ച് ധാരാളം വിഷമതകൾ സർക്കാരിനറിയാം. കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാതിരിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടിന്റെ ഫലമായി വളരെയേറെ അത്യാഹിതങ്ങൾ അവർക്ക് സംഭവിച്ചിട്ടുണ്ട്. ഈ പ്രശ്നം മുൻപു മുതലേയുള്ളതാണ്. ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്തു വന്ന പുതിയ സൃഷ്ടിയല്ല. ചെറുകിട കരാറുകാർ വളരെ വിഷമിക്കുന്നുണ്ട്. ഈ ബിൽ കിട്ടാത്തതിന്റെ പേരിൽ മൂന്നാളുകൾ കഴിഞ്ഞ കാലങ്ങളിൽ ആത്മഹത്യ ചെയ്ത ചരിത്രവും ഉണ്ട്. അതുപോലെ ത്രിതല പഞ്ചായത്തിന്റെ വർക്കുകൾ ചെറുകിടക്കാർക്ക് ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ട് തൊഴിലില്ലായ്മ അവർക്ക് അനുഭവപ്പെടുന്നുണ്ട്. സർക്കാർ നേരത്തെ ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു ജനകീയ കമ്മിറ്റികൾ നേരിട്ട് ചെയ്യാത്ത വർക്കുകൾ ടെന്റർ ചെയ്തു കൊടുക്കണമെന്ന് ആ വ്യവസ്ഥ നടപ്പിലായിട്ടില്ല. അത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിരന്തരമായി അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റൊരു കാര്യം ബിൽ തുകയിൽ നിന്നും സെയിൽസ് ടാക്സ് പിടിക്കുന്നുണ്ട്. 2.16 ശതമാനമാണ്. അത് അങ്ങനെതന്നെ പിടിക്കാം. അത് നിലനിർത്തികൊണ്ട് ചെറുകിട കരാറുകാരെ രജിസ്ട്രേഷൻ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് വളരെ നാളുകളായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. അതേസമയം വൻകിട കരാറുകാർക്ക് സ്റ്റാഫ് ഉണ്ട്. ഓഫീസ് ഉണ്ട്. വൻകിട കരാറുകാർക്ക് ആ ഏർപ്പാടുകളൊക്കെയുമുള്ളതുകൊണ്ട് അവർ അടച്ച തുക തിരിച്ച് വാങ്ങുന്ന ഒരവസ്ഥയുണ്ട്. അത് ഗവൺമെന്റിന് നഷ്ടമുണ്ടാക്കുന്നുണ്ട്. എന്നാൽ ചെറുകിടകരാറുകാരെ സംബന്ധിച്ചിടത്തോളം അവരുടെ ബില്ലിൽ നിന്നും തുക പിടിക്കുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം സർക്കാരിന് ബോദ്ധ്യമുള്ളതാണ്. അടിയന്തിരമായി ഈ കാര്യങ്ങളിൽ നടപടിയുണ്ടാകണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച സബ്മിഷൻ ചെറുകിട കോൺട്രാക്റ്റർമാരുടെ ആവശ്യങ്ങളെ സംബന്ധിച്ചാണ്. കൊടുത്തുതീർക്കാനുള്ള കുടിശ്ശിക സീനിയോറിറ്റി അനുസരിച്ച് കോടതി വിധിച്ചിട്ടുണ്ട്. സീനിയോറിറ്റി അനുസരിച്ചും പണത്തിന്റെ ലഭ്യതയനുസരിച്ചും അവർക്ക് കൊടുത്തു തീർക്കുന്നതാണ്. അതേസമയത്ത് പഞ്ചായത്തുകൾ നടത്തുന്ന ജോലി ബെനി ഫിഷറീസ് കമ്മിറ്റി മുഖാന്തിരം നടത്തണമെന്നാണ് നിർദ്ദേശവും തീരുമാനവും, ബെനിഫിഷറി കമ്മിറ്റി ഇല്ലാത്തിടത്ത് നോമിനി പാടില്ലായെന്ന് കർശനമായി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ട് ബെനിഫിഷറീസ് കമ്മിറ്റി ഇല്ലെങ്കിൽ ടെന്റർ ചെയ്യും എന്നല്ലാതെ വേറൊരു നിർവ്വാഹവുമില്ല. അതിൽ ചെറുകിടക്കാർക്കും വൻകിടക്കാർക്കും എല്ലാം പങ്കെടുക്കാം. അല്ലാതെ ഒരു നോമിനി കമ്മിറ്റിയുണ്ടാക്കുക അതിനുവേണ്ടി ഒരു ചെറുകിട കോൺട്രാക്ടർ, ആ രീതിയിലുള്ള നോമിനി ഏർപ്പാട് വേണ്ടയെന്നുതന്നെ തീരുമാനിച്ചിട്ടുണ്ട്. അത് കർശനമായി ഗവൺമെന്റ് നിരോധിക്കുകയും ചെയ്യും. അതുപോലെ മറ്റൊരു ആവശ്യം പറഞ്ഞത് സെയിൽസ്ടാക്സ് രജിസ്ട്രേഷനെ സംബന്ധിച്ചാണ്. പൈസ തരുന്നതിന് കുഴപ്പമില്ല. സെയിൽസ്ടാക്സ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഡിമാന്റ്. ആ ഡിമാന്റ് അംഗീകരിക്കാൻ വിഷമമുണ്ട്. കാരണം രജിസ്റ്റർ ചെയ്ത അസ്സസിക്കല്ലേ ടാക്സ് അസ്സസ് ചെയ്യാൻ പറ്റൂ. സെയിൽസ് ടാക്സ് അസ്സസ്മെന്റ് എന്നു പറയുന്നത് വർക്ക്സ് കോൺട്രാക്ട് ടാക്സ് ആണ്. വർക്ക്സ് കോൺട്രാക്ട് ടാക്സിൽ ഡിസ്ക്രിമിനേഷൻ പാടില്ല. വലുതും ചെറുതുമൊന്നും ഒരു പ്രശ്നമല്ല. ചെറുതിന് ചെറിയ പൈസയും വലുതിന് വലിയ പൈസയും. വർക്ക്സ് കോൺട്രാക്ട് ടാക്സ് ഒരു സെക്ഷനായി പ്രത്യേകിച്ച് ഇളവ് ചെയ്യാൻ പറ്റുകയില്ല. കാരണം അത് ഡിസ്ക്രിമിനേറ്ററി ബിഫോർ ലാ ആകും. ഇക്വാലിറ്റി ബിഫോർ ലാ എന്ന ഫണ്ടമെന്റൽ റൈറ്റ് ഹിറ്റ് ചെയ്യുന്ന ഒരു തീരുമാനമായിരിക്കും അത്. അതുകൊണ്ട് അത് ചെയ്യാൻ എല്ലാ നിയമവശങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്ര എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന കാര്യമല്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റ് കാര്യങ്ങളെല്ലാം പരിശോധിക്കാം . ഗവൺമെന്റിന് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യും. അവരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായ സമീപനമാണ് ഗവൺമെന്റിന് ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly